# പതിമൂന്നാം കേരള നിയമസഭ
## പത്താം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം. 4200 | 03.02.2014 -ൽ മറുപടിയ്ക്ക്

## സർക്കാർ ഉടമസ്ഥതയിൽ കുപ്പിവെള്ളവിതരണം

**ചോദ്യം**
ശ്രീ. മുല്ലക്കര രത്നാകരൻ

**ഉത്തരം**
ശ്രീ.പി.ജെ.ജോസഫ്
(ജലവിഭവ വകുപ്പു മന്ത്രി)

എ) സംസ്ഥാനത്ത് സർക്കാർ ഉടമസ്ഥതയിൽ കുപ്പിവെള്ളം വിതരണം ചെയ്യുന്നതിനുള്ള നടപടികൾ സ്വീകരിക്കുന്നുണ്ടോ; ഇതുമായി ബന്ധപ്പെട്ട വിശദാംശങ്ങൾ ലഭ്യമാക്കുമോ?

എ) സർക്കാർ ഉടമസ്ഥതയിൽ കുപ്പിവെള്ള വിതരണം ചെയ്യുന്നതിനുള്ള നടപടികൾ സ്വീകരിക്കുന്നുണ്ട്. കേരള വാട്ടർ അതോറിറ്റിയുടെ ആഭിമുഖ്യത്തിൽ കുപ്പിവെള്ള യൂണിറ്റ് തുടങ്ങുന്നതിന്റെ പ്രാരംഭ നടപടിയായി അരുവിക്കരയിൽ ഒരു മണിക്കൂറിൽ 7500 ലിറ്റർ കുപ്പിവെള്ളം നിർമ്മിക്കാവുന്ന ശേഷിയുള്ള ഒരു നിർമ്മാണശാല തുടങ്ങുന്നതിന് 2008-ൽ ഭരണാനുമതി നൽകുകയും ഇതിന് വേണ്ടി 5 തവണ ടെണ്ടർ വിളിച്ചെങ്കിലും പല കാരണങ്ങളാൽ ഈ പദ്ധതി നടപ്പിലാക്കാൻ കഴിയാതെ പോകുകയും ചെയ്തു. എന്നാൽ ഇപ്പോൾ നിലവിലുള്ള സാങ്കേതിക പുരോഗതി കണക്കിലെടുത്ത്, പുതുക്കിയ എഞ്ചിനീയറിംഗ് റിപ്പോർട്ട് തയ്യാറാക്കുകയും ആയതിന് 10 കോടി രൂപയുടെ ഭരണാനുമതി നൽകുകയും ചെയ്തു. ഇതു പ്രകാരം പ്രസ്തുത പ്രവൃത്തിയ്ക്കുള്ള ടെണ്ടർ നടപടികൾ സ്വീകരിച്ചു വരുന്നു.

കേരള സർക്കാരിന്റെ പൊതുമേഖല സ്ഥാപനമായ കേരള ഇറിഗേഷൻ ഇൻഫ്രാസ്ട്രക്ചർ ഡവലപ്മെന്റ് കോർപ്പറേഷന് (കിഡ്ക്), മലങ്കരയിൽ ഒരു കുപ്പിവെള്ള ഫാക്ടറി തുടങ്ങുന്നതിന് സർക്കാർ അനുമതി നൽകിയിട്ടുണ്ട്. ഇതിന്റെ നിർമ്മാണ പ്രവർത്തനങ്ങൾ പൂർത്തീകരിച്ചു വരുന്നു. പ്രസ്തുത ഫാക്ടറിയിൽ ഒരു മണിക്കൂറിൽ ഒരു ലിറ്ററിന്റെ 9000 കുപ്പികൾ ഉത്പാദിപ്പിക്കാനും, ഇങ്ങനെ പ്രതിദിനം 72000 ലിറ്റർ കുപ്പിവെള്ളം ഉത്പാദിപ്പിക്കാനും ഉദ്ദേശിക്കുന്നു.

സെക്ഷൻ ഓഫീസർ